| Email:<br>**contact.seckerala@gmail.com**<br>**cru.sec@kerala.gov.in** | # വാർത്താക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>**www.sec.kerala.gov.in** |
|---|---|---|
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **19th July 2022** |

## ജൂലൈ 21 ലെ തദ്ദേശ ഉപതിരഞ്ഞെടുപ്പ് - മുന്നൊരുക്കങ്ങൾ പൂർത്തിയായി

സംസ്ഥാനത്തെ 10 ജില്ലകളിലെ 20 തദ്ദേശ വാർഡുകളിൽ ജൂലൈ 21ന് ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിന് മുന്നൊരുക്കങ്ങൾ പൂർത്തിയായതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ. സമ്മതിദായകർക്ക് തിരിച്ചറിയൽ രേഖകളായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ആധാർ കാർഡ്, ഫോട്ടോ പതിച്ചുള്ള എസ്.എസ്.എൽ.സി. ബുക്ക്, ദേശസാൽകൃത ബാങ്ക് ആറുമാസകാലയളവിന് മുമ്പു വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയ തിരിച്ചറിയൽ കാർഡ് എന്നിവ ഉപയോഗിക്കാമെന്ന് കമ്മീഷണർ എ. ഷാജഹാൻ അറിയിച്ചു.

10 ജില്ലകളിലെ ഒരു ജില്ലാ പഞ്ചായത്ത്, രണ്ട് ബ്ലോക്ക് പഞ്ചായത്ത്, 4 മുനിസിപ്പാലിറ്റി, 13 ഗ്രാമപഞ്ചായത്ത് വാർഡുകളിലാണ് ഉപതിരഞ്ഞെടുപ്പ്. ആകെ 65 സ്ഥാനാർത്ഥികളാണ് ജനവിധി തേടുന്നത്. അതിൽ 35 പേർ സ്ത്രീകളാണ്.

വോട്ടർപട്ടിക ജൂൺ 18 ന് പ്രസിദ്ധീകരിച്ചു. ആകെ 1,24,420 വോട്ടർമാർ. 59,948 പുരുഷന്മാരും 64,471 സ്ത്രീകളും ഒരു ട്രാൻസ്ജെൻഡറും. പ്രവാസി വോട്ടർപട്ടികയിൽ 8 പേർ.

വോട്ടെടുപ്പിന് 147 പോളിംഗ് ബൂത്തുകൾ സജ്ജമാക്കിയിട്ടുണ്ട്. മലപ്പുറം ജില്ലാ പഞ്ചായത്തിലെ എൺപത്തിയൊൻപതും തൂത്താല ബ്ലോക്ക് പഞ്ചായത്തിലെ പതിനെട്ടും തിരുരങ്ങാടി ബ്ലോക്ക് പഞ്ചായത്തിലെ പതിമൂന്നും ബൂത്തുകൾ ഇതിൽ ഉൾപ്പെടും.

പോളിംഗ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം പൂർത്തിയായി. പോളിംഗ് സാധനങ്ങൾ 20 ന് അതാത് പോളിംഗ് സ്റ്റേഷനുകളിൽ എത്തിക്കും.

ക്രമസമാധാന പാലനത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രശ്നബാധിത ബൂത്തുകളിൽ വീഡിയോഗ്രാഫി നടത്തും. പ്രത്യേക പോലീസ് സുരക്ഷയും ഏർപ്പെടുത്തും.

21 ന് രാവിലെ 6 മണിക്ക് മോക്ക്പോൾ നടത്തും. വോട്ടെടുപ്പ് രാവിലെ 7 മണി മുതൽ വൈകുന്നേരം 6 മണി വരെയാണ്.

വോട്ടെണ്ണൽ 22 ന് രാവിലെ 10 മണിക്ക് അതാത് കേന്ദ്രങ്ങളിൽ നടത്തും. ഫലം അപ്പോൾ തന്നെ www.lsgelection.kerala.gov.in സൈറ്റിലെ TREND ൽ ലഭ്യമാകും.

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വാർഡുകൾ ജില്ലാ അടിസ്ഥാനത്തിൽ:

| | | |
|---|---|---|
| കൊല്ലം | - | ചവറ ഗ്രാമപഞ്ചായത്തിലെ കൊറ്റംകുളങ്ങര, ഇളമ്പള്ളൂർ ഗ്രാമ പഞ്ചായത്തിലെ ആലുംമൂട് |
| ആലപ്പുഴ | - | പാലമേൽ ഗ്രാമപഞ്ചായത്തിലെ എരുമക്കുഴി |
| കോട്ടയം | - | കാണക്കാരി ഗ്രാമപഞ്ചായത്തിലെ കുറുമുള്ളൂർ |
| ഇടുക്കി | - | വണ്ടൻമേട് ഗ്രാമപഞ്ചായത്തിലെ അച്ചൻകാനം, രാജകുമാരി ഗ്രാമ പഞ്ചായത്തിലെ കുംഭപ്പാറ |
| എറണാകുളം | - | ആലുവ മുനിസിപ്പൽ കൗൺസിലിലെ പുളിഞ്ചോട് |
| തൃശ്ശൂർ | - | കൊണ്ടാഴി ഗ്രാമപഞ്ചായത്തിലെ മൂത്തേടത്ത്പടി |
| പാലക്കാട് | - | തൃത്താല ബ്ലോക്ക് പഞ്ചായത്തിലെ കുമ്പിടി |

| | | |
|---|---|---|
| മലപ്പുറം | - | മലപ്പുറം ജില്ലാ പഞ്ചായത്തിലെ ആതവനാട്, മലപ്പുറം മുനിസിപ്പൽ കൗൺസിലിലെ മൂന്നാംപടി, മഞ്ചേരി മുനിസിപ്പൽ കൗൺസിലിലെ കിഴക്കേതല, തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിലെ പാറക്കടവ്, കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ എടച്ചലം |
| കോഴിക്കോട് | - | തിക്കോടി ഗ്രാമപഞ്ചായത്തിലെ പള്ളിക്കര സൗത്ത് |
| കാസർഗോഡ് | - | കാഞ്ഞങ്ങാട് മുനിസിപ്പൽ കൗൺസിലിലെ തോയമ്മൽ, ബദിയഡുക്ക ഗ്രാമപഞ്ചായത്തിലെ പട്ടാജെ, പള്ളിക്കര ഗ്രാമപഞ്ചായത്തിലെ പള്ളിപ്പുഴ, കുമ്പള ഗ്രാമപഞ്ചായത്തിലെ പെർവാഡ്, കള്ളാർ ഗ്രാമപഞ്ചായത്തിലെ ആടകം. |

*(എസ്.ഇ.സി.24/2022)*